വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

2. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

3. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളെയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

മൂല്യവർദ്ധിത ഉത്പന്നങ്ങൾ

184 (1914) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗതമായി വ്യവസായത്തിന് മൂല്യം കണ്ടെത്തുന്ന സുഗന്ധദ്രവ്യങ്ങൾ, മൽസ്യം, മറ്റ് കാർഷിക വിഭവങ്ങൾ മുതലായ ഉത്പന്നങ്ങളുടെ ഉത്പാദനത്തെ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ അനുബന്ധ വ്യവസായപാർക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കിൻഫ്രയുടെ ഉടമസ്ഥതയിൽ കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധന ഉത്പാദനത്തെ ത്വരിതപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്.

1. ഭക്ഷ്യസംസ്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം
2. കാർഷിക ഭക്ഷ്യ സംസ്കരണത്തിനായുള്ള പ്രത്യേക സാമ്പത്തിക മേഖല - മലപ്പുറം.
3. ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ
4. ഭക്ഷ്യ സംസ്കരണ മേഖല, കിൻഫ്ര വ്യവസായ പാർക്ക് - മഴുവന്നൂർ
5. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
6. സീ-ഫുഡ് പാർക്ക് അരൂർ, ആലപ്പുഴ കൂടാതെ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ പുതുക്കൈ വില്ലേജിലെ 8.95 ഏക്കർ ഭൂമിയും മടിക്കൈ വില്ലേജിലെ 91.03 ഏക്കർ ഭൂമിയും ഉൾപ്പെടെ 99.98 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി വ്യവസായ പാർക്കിൽ ഭക്ഷ്യ സംസ്കരണ കാർഷിക ഉല്പന്നാധിഷ്ഠിത വ്യവസായങ്ങളുമായി ബന്ധപ്പെട്ട് മെഗാഫുഡ് പാർക്ക്, നാളികേരാനുബന്ധ വ്യവസായങ്ങൾ എന്നിവ തുടങ്ങുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

സൗരോർജ്ജ ഉത്പാദന പദ്ധതികൾ

185 (1915) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സൗരോർജ്ജ ഉത്പാദനപദ്ധതികൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കെൽട്രോൺ നടത്തിവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ സൗരോർജ്ജ ഉല്പാദന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കെൽട്രോൺ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കെൽട്രോൺ കൺട്രോൾസ് അരൂരിൽ 2 മെഗാവാട്ട് ഓൺഗ്രിഡ് സോളാർ പവർപ്ലാന്റ്, ആലുവ നേവൽ ആർമമെന്റ് ഡിപ്പാർട്ട്മെന്റിൽ 1 മെഗാവാട്ടിന്റെ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കെ. എസ്. ഇ. ബി. പാലക്കാട് ഡിവിഷനുവേണ്ടി 500 കിലോ വാട്ടിന്റെ ഓൺഗ്രിഡ് സോളാർ പവർപ്ലാന്റ് സെപ്തംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്. സി-ഡാക്കിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഇടുക്കി രാമക്കൽമേട്ടിൽ കെൽട്രോൺ നിർമ്മിക്കുന്ന ഒരു മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 500 കിലോവാട്ട് പ്ലാന്റിന്റെ സ്ഥാപനം ഓഗസ്റ്റ് മാസത്തോടെയും ബാക്കി 500 കിലോവാട്ട് പ്ലാന്റിന്റെ സ്ഥാപനം ഡിസംബർ മാസത്തോടെയും പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കെൽട്രോൺ സോളാർ പവർ കണ്ടീഷനിംഗ് യൂണിറ്റ് (പി.സി.യു) നിർമ്മാണത്തിനും ഉൽപ്പന്നങ്ങളുടെ വാണിജ്യവൽക്കരണത്തിനും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ?

ഉണ്ട്.